**പതിനാലാം കേരള നിയമസഭ**

**നാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 269 — 27.02.2017 ൽ മറുപടിക്ക്

**കുടുംബ ആരോഗ്യ കേന്ദ്രം**

| ചോദ്യം<br>ശ്രീ.പുരുഷൻ കടലുണ്ടി | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
|---|---|
| ഒരു നിയോജക മണ്ഡലത്തിന് ഒരു പ്രൈമറി ഹെൽത്ത് സെന്റർ കുടുംബ ആരോഗ്യ കേന്ദ്രമാക്കുമെന്ന് ഈ വർഷം പ്രഖ്യാപിച്ച പദ്ധതി പ്രകാരം എന്തെല്ലാം സൗകര്യങ്ങളാണ് പ്രൈമറി ഹെൽത്ത് സെന്ററിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ? | നവകേരള മിഷന്റെ ഭാഗമായുള്ള ആർദ്രം മിഷനിൽ ഘട്ടംഘട്ടമായി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്ന പ്രവർത്തനവും ഉൾക്കൊള്ളിച്ചിട്ടുണ്ട്.<br>പ്രാഥമികാരോഗ്യപരിചരണത്തിന്റെ പ്രധാന ഘടകമായ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും ഉപകേന്ദ്രങ്ങളും രോഗാതുരതയിലുണ്ടായ മാറ്റത്തിനും ജനങ്ങളുടെ ആരോഗ്യ ആവശ്യങ്ങൾക്കുമനുസരിച്ച് വിപുലപ്പെടുത്തും മാതൃ-ശിശു ആരോഗ്യ കാര്യങ്ങൾക്കും, പകർച്ചവ്യാധി പ്രതിരോധത്തിനുമൊപ്പം രക്തസമ്മർദ്ദം, പ്രമേഹം ഉൾപ്പെടെ ജീവിതശൈലി രോഗ പ്രതിരോധത്തിനും നിയന്ത്രണത്തിനും ഊന്നൽ നൽകുന്നവയായി അവയെ മാറ്റുന്നതാണ്. കുടുംബ ഡോക്ടർ തലത്തിലേക്ക് ഈ മേഖലയിൽ ഡോക്ടർമാരെ മാറ്റുന്നതിനും അവരുടെ കഴിവും, അറിവും വർദ്ധിപ്പിക്കുന്നതിനുമായി പരിശീലനങ്ങളും കോഴ്സുകളും നടന്നുവരുന്നു. ഈ സെന്ററുകളിൽ ലാബ് സൗകര്യങ്ങളും സജ്ജമാക്കും, ആരോഗ്യ പരിചരണം, കൗൺസിലിംഗ് എന്നിവയിൽ കുറച്ചുകൂടി ഉയർന്ന തോതിലുള്ള ഇടപെടലും ലക്ഷ്യമിടുന്നു. |

സെക്ഷൻ ഓഫീസർ